സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് ബാധകമായ മാനദണ്ഡങ്ങളുടേയും സർക്കാരിന്റേയും കോടതികളുടേയും കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് വിദ്യാർത്ഥി പ്രവേശനം നടത്തുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിശദമാക്കാം. മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷിച്ചവരിൽനിന്ന് എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥി പ്രവേശനം നടത്തണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നു.

(ഡി) കോടതിവിധിയനുസരിച്ച് പ്രവേശനം പുനഃക്രമീകരിച്ചിട്ടുണ്ട്. ആദ്യ പ്രവേശനം സർക്കാർ ഉത്തരവനുസരിച്ചായതിനാൽ ആരുടേയും പേരിൽ നടപടിയെടുക്കുകയുണ്ടായില്ല.

(ഇ) ഇല്ല.

(എഫ്) പ്രവേശനം പുനഃക്രമീകരിച്ചപ്പോൾ പുറത്തായ വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ നൽകാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുറത്തായ മുഴുവൻ വിദ്യാർത്ഥികളും ഫീസ് തിരികെ വാങ്ങിയിട്ടില്ല. വിദ്യാർത്ഥികളുടെ കേസ് സുപ്രീം കോടതിയിൽ നിലവിലുള്ളതിനാലാണ് കുറെ കുട്ടികൾ ഫീസ് തിരികെ വാങ്ങാതിരിക്കുന്നത്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവർ അടച്ച ഫീസ് തിരികെ നൽകുന്നുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസ് നിരക്ക്

19 [*136] ശ്രീ. കെ. പി. രാജേന്ദ്രൻ :

„ പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിവിധ കോഴ്സുകൾക്ക് ഇപ്പോൾ സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസ് നിരക്ക് വെളിപ്പെടുത്താമോ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഉയർന്ന ഫീസ് നൽകാൻ കഴിയാത്തതിന്റെ ഫലമായി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ച് പോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിവിധ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിനായി ജസ്റ്റീസ് കെ. ടി. തോമസ് ചെയർമാനായി ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റി വിവിധ കോഴ്സുകൾക്ക് നിശ്ചയിച്ച ഫീസ് താഴെ പറയും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

	കോഴ്സ്	ഫീസ് നിരക്ക് (രൂപ)
1.	എഞ്ചിനീയറിംഗ്	38,700
2.	എം.ബി.ബി.എസ്.	1,13,000
3.	ബി.ഡി.എസ്.	76,000
4.	ബി.എ.എം.എസ്.	45,500
5.	ബി.എസ്.എം.എസ്.	40,500
6.	ബി.എസ്.സി. നഴ്സിംഗ്	49,400
7.	ബി.ഫാം.	35,000

ഇതുകൂടാതെ 10,000 രൂപയിൽ കവിയാത്ത തുക കോഷൻ ഡിപ്പോസിറ്റായി നൽകേണ്ടതാണ്. 2004-05 അക്കാഡമിക് വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകൾക്ക് ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരമുള്ള ഫീസ് ആയിരിക്കുമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ 15-9-2004-ലെ സർക്കാർ ഉത്തരവ് ജി. ഒ.(എംഎസ്.) നമ്പർ 116/2004 ഉ.വി.വ. പ്രകാരം ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്.സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ സർക്കാർ മേഖലയിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ 2004-05 വർഷം അഡ്മിഷൻ ലഭിച്ച ഒരു ലക്ഷം രൂപയിൽ താഴെ വരുമാനം വരുന്ന കേരളീയരായ കുടുംബങ്ങളിലെ കുട്ടികൾ സർക്കാർ കോളേജുകളിലെ മെറിറ്റ് സീറ്റിൽ പെടുന്ന കുട്ടികൾ നൽകുന്ന ഫീസ് നൽകിയാൽ മതിയാകുമെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

സ്വാശ്രയ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

20 [*137] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. കെ. മുഹമ്മദാലി:
,, എൻ. ഡി. അപ്പച്ചൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ എവിടെയെല്ലാമാണ് സ്ഥാപിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly